കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

# ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത് കലാകാരന്മാർക്ക് കേരള സംഗീത നാടക അക്കാദമിയുടെ കൈത്താങ്ങ്

കോവിഡ് പ്രതിസന്ധിയിൽ ശോഭമങ്ങിയ ക്ലാസിക്കൽ കലാരംഗത്തിന് പുത്തനുണർവ്വ് നൽകുന്നതിനും കലാകാരന്മാരുടെ ക്ഷേമത്തിനുമായി 8.75 ലക്ഷം രൂപയുടെ പദ്ധതിയുമായി കേരള സംഗീത നാടക അക്കാദമി. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന 25 ഓട്ടൻതുള്ളൻ കലാകാരന്മാർക്ക് 20,000 രൂപ വീതവും 25 ചാക്യാർകൂത്ത് കലാകാരന്മാർക്ക് 15,000 രൂപ വീതവും ധനസഹായം അക്കാദമി നൽകും. പ്രായ ഭേദമന്യേ ഈ കലാരംഗത്ത് പ്രവർത്തനപരിചയമുള്ള ആർക്കും ധനസഹായത്തിന് അപേക്ഷിക്കാം. ധന സഹായത്തിന് അപേക്ഷിക്കുന്നവർ വെള്ളക്കടലാസിൽ തയ്യാറാക്കുന്ന അപേക്ഷയോടൊപ്പം ഏറ്റവും പുതിയ ബയോഡാറ്റ, കലാരംഗത്തെ പ്രവർത്തനപരിചയം തെളിയിക്കുന്ന രേഖകൾ, 15 മിനുട്ടിൽ കുറയാത്ത ഓട്ടൻതുള്ളൽ/ചാക്യാർകൂത്ത് അവതരണത്തിന്റെ സിഡി/പെൻഡ്രൈവ് എന്നിവ ഫെബ്രുവരി നാലിനകം അക്കാദമിയിൽ സമർപ്പിക്കണം. മൊബൈൽ ഫോണിൽ റെക്കോഡ് ചെയ്ത വീഡിയോയും പരിഗണിക്കും. അവതരണത്തിന് പിന്നണി നിർബന്ധമില്ല. എന്നാൽ ഇ-മെയിൽ, വാട്സ്ആപ്പ് എന്നീ മാധ്യമത്തിലൂടെ അപേക്ഷയും റെക്കോഡഡ് വീഡിയോയും സ്വീകരിക്കുന്നതല്ല. ഒരാൾക്ക് ഒരു ഇനത്തിൽ ഒരു അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന രേഖകൾ തിരികെ നൽകുന്നതല്ലെന്ന് അക്കാദമി സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി പറഞ്ഞു.

**ഡോ. പ്രഭാകരൻ പഴശ്ശി**
സെക്രട്ടറി,
കേരള സംഗീത നാടക അക്കാദമി